"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- കുടുംബശ്രീ- ജീവനക്കാര്യം - ശ്രീമതി. ആതിര ബാലകൃഷ്ണൻ, എൽ.ഡി ക്ലർക്ക്, രാമന്തളി ഗ്രാമപഞ്ചായത്ത്, കണ്ണൂർ-എന്നയാളെ കുടുംബശ്രീ തൃശ്ശൂർ ജില്ലാ മിഷനിൽ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഐഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1141/2023/LSGD  തീയതി,തിരുവനന്തപുരം, 01-06-2023

---

പരാമർശം:-
1. 10.05.2013-തീയതിയിലെ 42/2013/ധന നമ്പർ സർക്കുലർ
2. സ.ഉ (പി) നം. 580/2013/ധന തീയതി 28.11.2013
3. 28.04.2023-ലെ ഐ.എ1/138/2023-തസ്വഭവ നമ്പർ സർക്കാർ കത്ത്.
4. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 11.05.2023-തീയതിയിലെ 11003/ഇ1/2022/കെ.എസ്.എച്ച്.ഒ നമ്പർ കത്ത്.

**ഉത്തരവ്**

കുടുംബശ്രീ സംസ്ഥാന മിഷനിലും, വിവിധ ജില്ലാ മിഷനുകളിലുമുള്ള ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികയിലേയ്ക്ക് അന്യത്രസേവന വ്യവസ്ഥയിൽ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിനായി 26500 - 60700 ശമ്പള സ്കെയിലിൽ ജോലി ചെയ്യുന്ന കേന്ദ്ര-സംസ്ഥാന സർക്കാർ/ അർദ്ധസർക്കാർ ജീവനക്കാരിൽ നിന്നും നോട്ടിഫിക്കേഷനുകൾ ക്ഷണിച്ചത് പ്രകാരം ഉദ്യോഗസ്ഥരെ അഭിമുഖത്തിന് ക്ഷണിക്കുകയും അതിനനുസരിച്ച് അഭിമുഖപാനൽ തിരഞ്ഞെടുത്ത ലിസ്റ്റ് പരാമർശം (3) പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ട ശ്രീമതി ആതിര ബാലകൃഷ്ണൻ, എൽ.ഡി ക്ലർക്ക്, രാമന്തളി ഗ്രാമപഞ്ചായത്ത്, കണ്ണൂർ എന്നവരെ കുടുംബശ്രീ തൃശ്ശൂർ ജില്ലാ മിഷനിൽ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കണമെന്ന് പരാമർശം (4) പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി ആതിര ബാലകൃഷ്ണൻ, എൽ.ഡി ക്ലർക്ക്, രാമന്തളി ഗ്രാമപഞ്ചായത്ത്, കണ്ണൂർ എന്നവരെ കേരള സർവ്വീസ് റൂൾസ് ഭാഗം-1 ചട്ടം 140 (സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശം (1) സർക്കുലറിലെയും പരാമർശം (2) ഉത്തരവിലെ മാനദണ്ഡങ്ങൾക്കും വിധേയമായി കുടുംബശ്രീ തൃശ്ശൂർ ജില്ലാ മിഷനിൽ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികയിൽ ഒരു വർഷത്തേയ്ക്ക് അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

RAJESH K R

അണ്ടർ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
ശ്രീമതി ആതിര ബാലകൃഷ്ണൻ, എൽ.ഡി ക്ലർക്ക്, രാമന്തളി ഗ്രാമപഞ്ചായത്ത്, കണ്ണൂർ
(പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം മുഖേന)
പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഐ.എ1/250/2023-തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by
Vijitha M B
സെക്ഷൻ ഓഫീസർ
Date: 15-06-2023 09:31:20